DESPATCHED On 02-08-21

22/7/21

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.503(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.4818/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 ജൂലൈ 22**

ശ്രീ. സന്തോഷ് കെ.,
കാഞ്ഞിരങ്ങാടൻ ഹൗസ്,
ചെറുപുഴ പി.ഒ., കണ്ണൂർ – 670511.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
നാഷണൽ ഹെൽത്ത് മിഷൻ,
ഡിസ്ട്രിക്റ്റ് പ്രോഗ്രാം മാനേജ്മെന്റ് സപ്പോർട്ട് യൂണിറ്റ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, കണ്ണൂർ.

2. അപ്പീൽ അധികാരി &
ജില്ലാ പ്രോഗ്രാം മാനേജർ,
നാഷണൽ ഹെൽത്ത് മിഷൻ,
ഡിസ്ട്രിക്റ്റ് പ്രോഗ്രാം മാനേജ്മെന്റ് സപ്പോർട്ട് യൂണിറ്റ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, കണ്ണൂർ.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 30/01/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 09/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 30/03/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 09/04/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 12/04/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26/04/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 07/05/2021 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 22/07/2021 – വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

ശ്രീ. സന്തോഷ് കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, 4.2.2021–ന് ഒന്നാം എതിർകക്ഷി ഓഫീസിൽ കൈപ്പറ്റിയ ടിയാന്റെ അപേക്ഷയിലെ 2–ാം പിരിവിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് സൗജന്യമായി

ലഭിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നും, കൃത്യമായ മറുപടി നൽകാതിരുന്ന എസ്.പി.ഐ.ഒ.യ്ക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. എൻ.എച്ച്.എം. കണ്ണൂർ ജില്ലാ ഓഫീസിലെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിംഗ് നടത്താറുണ്ടോ എന്ന വിവരം നൽകണമെന്നും

ii. നടത്താറുണ്ടെങ്കിൽ 2015 മുതൽ 2020 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ഓരോ വർഷത്തേയും പ്രത്യേകം പ്രത്യേകം രേഖപ്പെടുത്തി നൽകണമെന്നും

iii. 2015 മുതൽ 2020 വരെയുള്ള ഓഡിറ്റിംഗ് നടത്തിയ സ്ഥാപനത്തിന്റെ Chartered Accountants ന്റെ പേര്, അഡ്രസ്സ്, ഫോൺ നമ്പർ എന്നിവ നൽകണമെന്നും

iv. ഓഡിറ്റിംഗ് ചെയ്യാൻ വേണ്ടി ഓരോ വർഷവും സ്ഥാപനത്തിന്റെ Chartered Accountants ന് നൽകിയ രൂപ എത്രയെന്ന് വർഷവും തുകയും രേഖപ്പെടുത്തി നൽകണമെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 6.3.2021-ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. എന്നാൽ ടിയാൻ ആക്ഷേപം ഉന്നയിച്ചിരിക്കുന്ന 2-ാം പിരിവിൽ ആവശ്യപ്പെട്ടത് നാഷണൽ ഹെൽത്ത് മിഷൻ കണ്ണൂർ ജില്ലാ ഓഫീസിലെ 2015 മുതൽ 2020 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ ഓരോ വർഷത്തേയും കോപ്പി രേഖപ്പെടുത്തി നൽകണമെന്നായിരുന്നു. ആയതിന് ഓഫീസ് പ്രവർത്തി സമയങ്ങളിൽ നേരിട്ട് വന്ന് പരിശോധിക്കാവുന്നതാണ് എന്ന മറുപടിയാണ് നൽകിയിട്ടുള്ളതായി കാണുന്നത്. തുടർന്ന് ടിയാന്റെ അപേക്ഷയിലെ 2-ാം പിരിവിൽ ആവശ്യപ്പെട്ട രേഖകൾ സൗജന്യമായി നൽകണമെന്നും എസ്.പി.ഐ.ഒ.യുടെ ഭാഗത്ത് നിന്നും സംഭവിച്ച വീഴ്ചയ്ക്ക് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 9.3.2021-ന് ഒന്നാം അപ്പീൽ നൽകിയതായും കാണുന്നു. ടി ഒന്നാം അപ്പീൽ പരിഗണിച്ച് ഒന്നാം എതിർകക്ഷി മറുപടി നൽകിയതിലുള്ള കാലതാമസത്തിന് വിശദീകരണം ആവശ്യപ്പെടുകയും ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന് ശക്തമായ താക്കീത് ഒന്നാം എതിർകക്ഷിക്ക് നൽകി ഒന്നാം അപ്പീൽ തീർപ്പാക്കിയതായും കാണുന്നു. എന്നാൽ ടിയാന്റെ അപേക്ഷയിലെ 2-ാം പിരിവിന് മറുപടി നൽകാത്തത് സംബന്ധിച്ച കാര്യം കണക്കിലെടുത്തതായി കാണുന്നില്ല.

RIGHT TO INFORMATION

3. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ അടിയന്തിര അധിക ജോലികൾ ഉള്ളതിനാലും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ ബാഹുല്യം പരിഗണിച്ചുമാണ് രേഖകൾ നേരിട്ട് വന്ന് പരിശോധിക്കാം എന്നുള്ള മറുപടി നൽകിയതെന്നും എൻ.എച്ച്.എം.-ൽ രണ്ട് തരം ഓഡിറ്റുകളാണ് ഓരോ വർഷവും നടക്കുന്നതെന്നും കൺകറന്റ് ഓഡിറ്റും, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റും ഇതിൽ ഏത് ഓഡിറ്റ് റിപ്പോർട്ടാണ് വേണ്ടതെന്ന് ചോദ്യത്തിൽ വ്യക്തമല്ലായിരുന്നെന്നും കൺകറന്റ് ഓഡിറ്റ് മാസാടിസ്ഥാനത്തിലും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് വർഷാടിസ്ഥാനത്തിലുമാണ് റിപ്പോർട്ട് സമർപ്പിക്കുതെന്നും ഓരോ വർഷവും കൺകറന്റ് ഓഡിറ്റ് റിപ്പോർട്ട് ഏകദേശം 1500-ലധികവും, സ്റ്റാറ്റ്യൂട്ടറി റിപ്പോർട്ട് 100-ൽ അധികം പേജുകളും ഉണ്ടാകുമെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടത് 5 വർഷത്തെ റിപ്പോർട്ടാണെന്നും ആയതിനാലാണ് നേരിട്ട് വന്ന് ആവശ്യമായ രേഖകൾ പരിശോധിച്ച് ആവശ്യമായ പണം ഒടുക്കുന്ന മുറയ്ക്ക് പകർപ്പ് നൽകാമെന്ന മറുപടി നൽകിയതെന്നുമാണ്.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ 2-ാം പിരിവിൽ ആവശ്യപ്പെട്ട വിവരങ്ങൾ 5 വർഷത്തെ റിപ്പോർട്ടാണെന്നും എതിർകക്ഷി ഓഫീസ് ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന ഒന്നാണെന്നും ജീവനക്കാർ എല്ലാവരും തന്നെ കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയാണെന്നും 2015 മുതൽ 2020 വരെയുള്ള കാലയളവിലെ ഇത്രയും ബൃഹത്തായ രേഖകൾ സമാഹരിച്ച് നൽകുക എന്നത് ഇന്നത്തെ സാഹചര്യത്തിൽ തീർത്തു ശ്രമകരമാണെന്നും ആയതിനാലാണ് അത്തരമൊരു മറുപടി നൽകാനിടയായതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, 5.2.2021-ന് ഫയലിൽ സ്വീകരിച്ച 30.1.2021-ലെ വിവരാവകാശ അപേക്ഷയ്ക്ക് 6.3.2021-നാണ് മറുപടി നൽകിയിട്ടുള്ളതായി കാണുന്നത്. അപ്പീൽ ഹർജിക്കാരൻ ടിയാന്റെ അപേക്ഷയിൽ 2-ാം ഇനത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പുകൾ ബൃഹത്തായതിനാലാണ് (ഏകദേശം 8000-ൽ അധികം പേജുകൾ) നൽകാതിരുന്നത് എന്ന് കാണുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ ബാഹുല്യം കണക്കിലെടുത്തും വിവരാവകാശ ഓഫീസറുടെ യുക്തിക്കനുസരിച്ചും ഫലപ്രദമായും സമയബന്ധിതമായും അപേക്ഷകൾ തീർപ്പാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ എസ്.പി.ഐ.ഒ.യ്ക്ക് സ്വീകരിക്കാവുന്നതാണ്. പരാതിക്കാരനെ ഓഫീസിൽ വിളിച്ചു വരുത്താൻ പാടില്ലെന്നോ, വിളിച്ചു വരുത്തേണ്ടതാണെന്നോ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ പരാതിക്കാരനോട് ഓഫീസിൽ

നേരിട്ട് വന്ന് പരിശോധിക്കാവുന്നതാണ് എന്ന് എസ്.പി.ഐ.ഒ. അറിയിച്ചതിൽ അപാകതയൊന്നും കാണുന്നില്ല. എന്നാൽ അപേക്ഷകരെ നിർബന്ധിച്ചു വിളിച്ചു വരുത്തുവാനോ അങ്ങനെ ഹാജരായില്ല എന്ന ഒറ്റ കാരണത്താൽ സമയപരിധിക്കുള്ളിൽ നൽകേണ്ട വിവരങ്ങൾ നിരസിക്കുവാനോ ഉള്ള നിയമപരമായ അധികാരം വിവരാവകാശ ഓഫീസർക്കില്ല. എന്നാൽ എതിർകക്ഷി ഓഫീസ് കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനമാണെന്നതിനാലും അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ഏകദേശം 8000–ൽ അധികം പേജുകൾ ഉണ്ടാകാം എന്നത് കണക്കിലെടുത്തും ഒന്നാം എതിർകക്ഷി ടിയാന്റെ അപേക്ഷയിലെ 2–ാം ഇനത്തിന് നൽകിയ മറുപടിയിൽ സംഭവിച്ച വീഴ്ച സംബന്ധിച്ച് എതിർകക്ഷികൾ ലഭ്യമാക്കിയ വിശദീകരണം അംഗീകരിക്കത്തക്കതാണെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ ഹർജിക്കാരന്റെ അപേക്ഷയിലെ 2–ാം ഇനത്തിൽ ആവശ്യപ്പെട്ട ഓഡിറ്റ് റിപ്പോർട്ട്, കൺകറന്റ് ഓഡിറ്റ് റിപ്പോർട്ട് ആണോ അതോ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് റിപ്പോർട്ടാണോ ഹർജിക്കാരന് വേണ്ടത് എന്ന് വ്യക്തമാക്കി ടിയാൻ അറിയിക്കുന്ന പക്ഷം ടി രേഖകൾ നേരിട്ട് പരിശോധിക്കുന്നതിനും ആവശ്യമായ പേജുകളുടെ പകർപ്പുകൾ എടുക്കുന്നതിനും ഒന്നാം എതിർകക്ഷി ഹർജിക്കാരന് എല്ലാ സഹായങ്ങളും നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. 30.01.2021–ന് ഹർജിക്കാരൻ നൽകിയ അപേക്ഷയ്ക്ക് 6.3.21 നാണ് മറുപടി നൽകിയിട്ടുള്ളതായി കാണുന്നത്. വിവരാവവകാശ അപേക്ഷകൾക്ക് കാലതാമസം വരുത്തി മറുപടി നൽകുന്നത് ശിക്ഷാർഹമാണ്. എന്നാൽ എതിർകക്ഷികൾ കമ്മീഷനിൽ ലഭ്യമാക്കിയ റിപ്പോർട്ടിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സമയപരിധിക്കകം മറുപടി നൽകുന്നതിൽ വീഴ്ച വരുത്തിയ ഒന്നാം എതിർകക്ഷിയ്ക്കെതിരെ ശിക്ഷാനടപടികൾ തൽക്കാലം സ്വീകരിക്കുന്നില്ല. എന്നാൽ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ അതീവ ജാഗ്രതയോടെ കൈകാര്യം ചെയ്യേണ്ടതാണെന്ന് കമ്മീഷൻ എതിർകക്ഷികളെ ഓർമ്മപ്പെടുത്തുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ജൂലൈ 22–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION

us